**കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (കെ.എസ്.എസ്.എ)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
3-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com, www.socialaudit.kerala.gov.in

No.10/KSSA/Estt/2026 07.07.2026

# വാർത്താ കുറിപ്പ്

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും വില്ലേജ് റിസോഴ്സൺമാരുടെയും നിലവിലുള്ള ഒഴിവുകളിലേക്ക് പുനർ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിക്കുന്നു.

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സർക്കാർ രൂപം നൽകിയ സ്വതന്ത്ര സംവിധാനമാണ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള. വിവിധ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി 14 ജില്ലകളിലെ വിവിധ ബ്ലോക്കുകളിൽ **ബ്ലോക്ക് റിസോഴ്സ് പേഴ്സൺ**മാരുടെയും വിവിധ ജില്ലകളിൽ ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് സന്നദ്ധരായ സോഷ്യൽ ഓഡിറ്റ് **വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ**യും നിലവിലുള്ള ഏതാനും ഒഴിവുകളിലേക്ക് പുനർ വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിക്കുന്നു.

**ബ്ലോക്ക് റിസോഴ്സ് പേഴ്സൺ:-**

തെരഞ്ഞെടുക്കപ്പെടുന്ന സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ 30 ദിവസം നീണ്ടു നിൽക്കുന്ന NIRDPR സംഘടിപ്പിക്കുന്ന റെസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്. ജില്ലാടിസ്ഥാനത്തിലാണ് നിയമനം നടക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർ ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ പ്രവർത്തിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കും.

**അടിസ്ഥാന യോഗ്യത:-** ഏതെങ്കിലും വിഷയത്തിലുള്ള 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ്.

**പ്രായപരിധി:-** 2026 ജൂലൈ 1-ന് 35 വയസ്സ് കഴിയാൻപാടില്ല. പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ച് വർഷത്തെ ഇളവ് ഉണ്ടായിരിക്കുന്നതാണ്.

**അഭികാമ്യ പ്രവൃത്തി പരിചയം:-** കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹ്യ സന്നദ്ധ സംഘടനകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായി പ്രവർത്തിച്ച് അനുഭവമുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

**വേതനം:-** പ്രതിമാസം ഹോണറേറിയും മറ്റ് അലവൻസുകളും ഉൾപ്പടെ നിശ്ചയിച്ചിട്ടുള്ളത് നിലവിൽ 19,290/-രൂപയാണ്.

BRP അപേക്ഷ സമർപ്പിക്കാനുള്ള ഗൂഗിൾ ഫോം ലിങ്ക് :- https://forms.gle/7LR4Uhs2gHd6d5Zm7

**കുറിപ്പ്:** **05.01.2026-ലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷകൾ സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ടതില്ല. പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നതാണ്.**

**വില്ലേജ് റിസോഴ്സ് പേഴ്സൺ:-**

തെരഞ്ഞെടുക്കപ്പെടുന്ന സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർ 4 ദിവസം നീണ്ടു നിൽക്കുന്ന റെസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ ജില്ല യിൽ നിയോഗിക്കുന്ന ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കും.

**അടിസ്ഥാന യോഗ്യത:-** ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടെയുള്ള ബിരുദമാണ്.

**അഭികാമ്യ യോഗ്യത:-** കമ്പ്യൂട്ടർ പരിജ്ഞാനവും ടൂവീലർ സ്വന്തമായി ഉള്ളതും.

**പ്രായപരിധി:-** 01.07.2026-ൽ 40 വയസ്സിൽ കവിയാൻ പാടില്ല. എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് ഉണ്ടായിരിക്കുന്നതാണ്.

**അഭികാമ്യ പ്രവൃത്തി പരിചയം:-** കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹ്യ സന്നദ്ധ സംഘടനകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായി പ്രവർത്തിച്ച് അനുഭവ മുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

**വേതനം:** നിലവിൽ 660/- (അറുനൂറ്റി അറുപത് രൂപ) രൂപയാണ് പ്രതിദിന വേതനമായി നിശ്ചയിച്ചിട്ടുള്ള-തെങ്കിലും കാലാനുസൃതമായ വർദ്ധനവ് വേതനത്തിൽ ഉണ്ടാകുന്നതാണ്.

VRP അപേക്ഷ സമർപ്പിക്കാനുള്ള ഗൂഗിൾ ഫോം ലിങ്ക് :- https://forms.gle/dZAMgfMh9amcdqGW9

**കുറിപ്പ്: 05.03.2026, 28.04.2026 എന്നീ തീയതികളിലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷകൾ സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ടതില്ല. പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നതാണ്.**

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ **2026 ജൂലൈ 20-നകം** ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അതത് ഗൂഗിൾ ലിങ്ക് വഴി അപേക്ഷിക്കേണ്ടതാണ്. വിശദമായ നോട്ടിഫിക്കേഷൻ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ വെബ് സൈറ്റിൽ (www.socialaudit.kerala.gov.in) നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ,



**ഡോ.എൻ രമാകാന്തൻ**
ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള